## ശൂന്യമായ ആവനാഴി

**ഗുഹാ മുഖം അടഞ്ഞപ്പോൾ**

ആവനാഴിയിൽ തപ്പി നോക്കി
ഒന്നുമില്ല....

സാന്ത്വനത്തിന്റെ തൂവൽ
സ്പർശത്തിനു കൊതിച്ച
മാതാവിന്റെ മുമ്പിൽ
ഉരുക്കുമുഷ്ടിയായി നിന്നവൻ
ഉരുകി ഒലിക്കുകയാണ്.

രക്ഷിതാവിനെ ഭയന്ന്
മാറിനിൽക്കാൻ കെഞ്ചിയ-
സുന്ദരിയുടെ മുമ്പിൽ
പാറ പോലെ നിന്നവൻ
അലിഞ്ഞില്ലാതാവുകയാണ്.

അവകാശിയുടെ വിഹിതം
അനർഹമായി
ഖജനാവിൽ പൂട്ടിവെച്ചവൻ
താക്കോൽ കൂട്ടം
തെരയുകയാണ്.

**മഞ്ഞിയിൽ**

## ഇച്ഛകൾ

**എന്റെ കിളിക്കൂട്ടിൽ**
കിളികൾ, പലനിറം-
പച്ച, ചുവപ്പ്,
മഞ്ഞ, നീല...
ഒന്നിച്ചൊരു
വിഹായസ്സിലൊത്തു
പറക്കുമ്പോഴെല്ലാ-
മൊരേയൊരു
തൂവൽപക്ഷി!

**മുഹമ്മദ് കുട്ടി ഇരിമ്പിളിയം**

## അവസാനം

**ഇബ്റാഹീം പൊന്നാനി**

**കാലത്തിന്റെ കുന്ന് കയറാൻ തുടങ്ങിയിട്ട്-**
ഏറെ നാളുകളായി.
ഇനി, പിന്നിട്ട വഴിയിലെ പൂത്തുലഞ്ഞ-
സ്വപ്നങ്ങളുടെയും മോഹങ്ങളുടെയും-
കരിഞ്ഞുണങ്ങിയ പൊന്തപടർപ്പുകൾക്ക്
പ്രായശ്ചിത്തത്തിന്റെ തീ കൊളുത്തണം.
പിന്നെ, പതുക്കെ പതുക്കെ നേർമുകളിൽ-
കാണുന്ന പ്രതീക്ഷയുടെ നക്ഷത്ര ബിന്ദുവിലേക്ക്
നടന്നടുക്കണം.
അവസാനം, സന്തോഷത്തോടെ എനിക്ക്-
എന്റെ കുഴിനികത്തണം!